# അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയം
# (LID & EW)
# കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത്
# പി .ഒ. മുണ്ടൂർ, തൃശൂർ
# പിൻകോഡ്:680541
**Phone No. 0487 2210610**
**E-mail:lsgdaekgp@gmail.com**

നം.QN-1/AE/LID&EW/KGP/2026-27 തീയതി.01/10/2026

അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ഔദ്യോഗിക ആവശ്യത്തിലേക്ക് ഒരു വർഷത്തേക്ക് എ.സി.കാർ (SEDAN) പ്രതിമാസ വാടകയ്ക്ക് നൽകുവാൻ താല്പര്യമുള്ള വാഹന ഉടമകളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വച്ച ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

| | | |
|---|---|---|
| 1 | ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം | അസിസ്റ്റൻറ് എഞ്ചിനീയറുടെ കാര്യാലയം (LID & EW) കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് |
| 2 | ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി | 16/10/2026 2.00 pm |
| 3 | ക്വട്ടേഷൻ തുറക്കുന്ന തീയതി | 16/10/2026 3.00 pm |

നിബന്ധനകൾ

1) ഒരു മാസം 2000കി മി ദൂരം സഞ്ചരിക്കുന്നതിനുള്ള പ്രതിമാസ നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്. അധിക ദൂരത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കനുസരിച്ചു അധിക തുക നൽകാവുന്നതാണ്.അധിക ദൂരം ത്രൈമാസികമായിട്ടാണ് കണക്കാക്കുന്നത്.
2) താൽകാലികമായി അംഗീകരിക്കപ്പെട്ട കരാറുകാരൻ സ്വന്തം ചെലവിൽ 200 രൂപയുടെ മുദ്രപത്രത്തിൽ ക്വട്ടേഷൻ അംഗീകരിച്ച് 7 ദിവസത്തിനുള്ളിൽ അന്തിമ കരാർ വയ്ക്കേണ്ടതാണ്.
3) ഇന്ധന ചെലവ്, വാഹനത്തിൻറെ മെയിൻറനൻസ്,ഡ്രൈവറുടെ വേതനം ,ബത്ത വാഹനത്തിൻറെ ടാക്സ്,ഇൻഷുറൻസ് തുടങ്ങിയ എല്ലാ ചെലവുകളും കരാറുകാരൻ വഹിക്കേണ്ടതാണ്.
4) വാഹനത്തിൻറെ ടാക്സ്,പെർമിറ്റ് ഇൻഷുറൻസ്,രെജിസ്ട്രേഷൻ ഉൾപ്പെടെ നിയമപരമായ എല്ലാ രേഖകളും ഉണ്ടായിരിക്കേണ്ടതാണ്.ആയതിൻറെ പകർപ്പ് ക്വട്ടേഷനിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.(ഡ്രൈവിങ് ലൈസൻസ് ഉൾപ്പെടെ ) ടാക്സി വാഹനം ആയിരിക്കണം.

5) ഓഫീസ് മേധാവിയുടെ നിർദ്ദേശങ്ങൾ പാലിക്കാതെ വന്നാൽ വാഹന ഉടമയുടെ കരാർ 7 ദിവസത്തിന് മുൻപ് നോട്ടീസ് നൽകി റദ്ദ് ചെയ്യുന്നതിനുള്ള അധികാരം ഓഫീസ് മേധാവിക്കുണ്ടായിരിക്കുന്നതാണ്

6) വാഹനം മികച്ച പ്രവർത്തന ക്ഷമയുള്ളതും കാല പഴക്കം 5 വർഷത്തിൽ അധികരിക്കാത്തതുമായിരിക്കണം.

7) കരാറുകാരന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെൻറിൽ നിന്ന് PAN ഉണ്ടായിരിക്കേണ്ടതാണ്.

8) ക്വട്ടേഷനുകൾ അംഗീകരിച്ച ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5 ശതമാനം സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന ഇനത്തിൽ ട്രഷറി ഇനത്തിൽ ഒടുക്കേണ്ടതാണ്.

9)ക്വട്ടേഷൻ താൽകാലികമായി അംഗീകരിച്ചതിനു ശേഷം പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരത്തിനു ശേഷം മാത്രമേ ക്വട്ടേഷൻ അന്തിമമായി അംഗീകരിക്കുകയുള്ളൂ.

10) ഓഫീസ് പ്രവർത്തന സമയം അധികരിച്ചും ആവശ്യ പ്പെടുന്ന സമയം വരെ വാഹനം വിട്ടു നൽകേണ്ടതാണ്.

11) വാഹനം ഏതെങ്കിലും അടിയന്തിര സാഹചര്യം മൂലം നൽകാൻ കഴിയാതെ വന്നാൽ പകരം സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതാണ്.

12) അവധി ദിനങ്ങൾ ഉൾപ്പെടെ ഏത് ദിവസവും ഓഫീസ് മേധാവി ആവശ്യപ്പെട്ടാൽ വാഹനം ലഭ്യമാക്കേണ്ടതാണ്

13) കരാർ സമയത്ത് അംഗീകരിക്കുന്ന നിരക്കിന് കരാർ കാലയളവിൽ ഉണ്ടായേക്കാവുന്ന ഇന്ധന വില വർദ്ധനവും ,മറ്റു വർധനവും പരിഗണിക്കുന്നതല്ല.

14) ലോഗ് ബുക്ക് ഓഫീസറുടെ നിയന്ത്രണത്തിൽ സൂക്ഷിക്കേണ്ടതും യാത്ര സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതുമാണ്.

15) ക്വട്ടേഷൻ ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃക ഫോറത്തിൽ നൽകേണ്ടതാണ്.

16) നാളിതു വരെയുള്ള എല്ലാ സർക്കാർ ഉത്തരവുകളും ടെൻഡർ നിയമങ്ങളും ഈ ദർഘാസിനും ബാധകമാണ്.

17) ടെൻഡർ നടപടികൾ പൂർത്തിയാക്കി ടി ഓഫീസിൽ നിന്നും അറിയിപ്പ് ലഭ്യമാക്കുന്ന പക്ഷം വണ്ടി ലഭ്യമാക്കേണ്ടതാണ്.

18) തദ്ദേശ ഭരണ സ്ഥാപനത്തിൻറെ ബോർഡ് വാഹനത്തിൽപ്രദർശിപ്പിക്കേണ്ടതാണ്.
ക്വട്ടേഷനുകൾ നിശ്ചിത സമയത്തു തന്നെ അസിസ്റ്റൻറ് എഞ്ചിനീയർ കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് മുൻപാകെ സമർപ്പിക്കേണ്ടതാണ്.
കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ അസിസ്റ്റൻറ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

കൈപ്പറമ്പ്

തീയതി 01/10/2026

ഒപ്പ്

Assistant Engineer
LSGD Section
Kaiparambu G. P

Office of the Assistant Engineer LSGD Section, Kaiparambu Grama Panchayat
Date

# എൽ എസ് ജി ഡി സെക്ഷൻ കൈപറമ്പ് ഗ്രാമപഞ്ചായത്ത്

ഹ്രസ്വകാല ക്വട്ടേഷന് നോട്ടീസ് നം QTN 1/AE/LID&EW/KGP തീയതി. 01/10/2026

| | | |
|---|---|---|
| 1 | ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേര് | |
| 2 | മേൽ വിലാസം | |
| 3 | ഫോൺ നമ്പർ | |
| 4 | വാഹനത്തിൻറെ തരം | |
| 5 | വാഹനത്തിൻറെ മോഡൽ | |
| 7 | വാഹനത്തിൻറെ രജിസ്ട്രേഷൻ നമ്പർ, രജിസ്ട്രേഷൻ തീയതി | |
| 8 | 2000 കി മീ വരെ യാത്ര ചെയ്യുന്നതിന് ഒരു മാസം ക്വാട്ട് ചെയ്യുന്ന തുക | |
| 9 | മാസത്തിൽ ആകെ കി മീ അധികരിച്ച ദൂരത്തിന് ക്വാട്ട് ചെയ്യുന്ന തുക (കീ മീറ്ററിന്) | |

ഒപ്പ്

സ്ഥലം

തീയതി

ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര്

മേൽ വിലാസം

Office of the Assistant Engineer
Date
LSGD Section, Kaiparambu Gr. Panchayath

Assistant Engineer
LSGD Section
Kaiparambu G. P